# മാതൃകാ ചോദ്യപേപ്പർ

## സാമൂഹ്യശാസ്ത്രം
## SET - II

I.

1. ഫ്യൂഡലിസം എന്നാൽ എന്ത്?
2. ഫ്യൂഡലിസത്തിന്റെ പതനത്തിന് ഇടയാക്കിയ കാരണങ്ങൾ ഏതെല്ലാം?
3. നവോത്ഥാനം എന്നാൽ എന്ത്? ഏതെല്ലാം രംഗങ്ങളിലാണ് നവോത്ഥാനം വളർച്ചയും വികാസവുമുണ്ടാക്കിയത്?
4. മാനവികതാവാദം എന്നാൽ എന്ത്? ഇതിന്റെ തുടക്കക്കാരൻ ആര്?
5. ബോസ്റ്റൺ ടീ പാർട്ടി എന്നാൽ എന്ത്?

5x2=10

II.

6. വെങ്കലയുഗത്തിന്റെ സവിശേഷതകൾ ഏതെല്ലാം?
7. ക്രിസ്തുമതം, ഇസ്ലാംമതം എന്നിവ യൂറോപ്പിൽ വമ്പിച്ച പ്രചാരം നേടാനിടയാക്കിയ സാമൂഹിക പശ്ചാത്തലം വിവരിക്കുക?
8. അവകാശനിയമം എന്നാൽ എന്ത്? ഇതിലെ അവകാശങ്ങൾ ഏതെല്ലാം?
9. അമേരിക്കയിൽ കുടിയേറിയ ഇംഗ്ലീഷുകാരെ നിയന്ത്രിക്കാൻ ഇംഗ്ലണ്ട് ഏതൊക്കെ രീതിയിലാണ് ശ്രമിച്ചത്?
10. റഷ്യൻവിപ്ലവം മറ്റു വിപ്ലവങ്ങളിൽനിന്ന് എങ്ങനെ വേറിട്ടു നിൽക്കുന്നു?

5x3=15

III.

11. ചൈനീസ് സംസ്ക്കാരവും ഈജിപ്ഷ്യൻ സംസ്ക്കാരവും തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും വിശദീകരിക്കുക.

OR

12. ഫ്രഞ്ചുവിപ്ലവവും അതിനെത്തുടർന്നുണ്ടായ മനുഷ്യാവകാശ പ്രഖ്യാപനവും വിശദീകരിക്കുക.

1x5=5

## സാമൂഹ്യശാസ്ത്രം

## SET - III

### Part I

Social Science

ഒന്നുമുതൽ അഞ്ചുവരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഉത്തരം ബ്രാക്കറ്റിൽനിന്നും തെരഞ്ഞെടുത്തെഴുതുക. ശരിയുത്തരത്തിന് ഒരു മാർക്ക് വീതം.

1. മനുഷ്യൻ ആദ്യം കണ്ടുപിടിച്ച ലോഹം
(സ്വർണ്ണം, ഇരുമ്പ്, ചെമ്പ്, വെള്ളി)
2. വിശ്വവിഖ്യാതമായ മോണാലിസ എന്ന ചിത്രം വരച്ചത്
(റാഫേൽ, ലിയാനാർഡോ ഡാവിഞ്ചി, മൈക്കൽ ഏയ്ഞ്ചലോ, സെർവാന്റസ്)
3. 1688 ൽ രക്തരഹിത വിപ്ലവം നടന്ന രാജ്യം
(ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്ക, ഇറ്റലി)
4. സാമൂഹ്യ നിയന്ത്രണത്തിന്റെ അനൗപചാരിക ഏജൻസിയാണ്
(കോടതി, നാട്ടാചാരങ്ങൾ, പോലീസ്, ഉദ്യോഗസ്ഥർ)
5. പെരുമാൾ കാലഘട്ടത്തിലെ തലസ്ഥാനമായിരുന്നു
(മഹോദയപുരം, കൊടുങ്ങല്ലൂർ, പത്മനാഭപുരം, കൊല്ലം) 5x1=5
6. താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങളും വർഷങ്ങളും ശരിയായി ക്രമപ്പെടുത്തി ഒരു ടൈംലൈൻ നിർമ്മിക്കുക.

| | | |
|---|---|---|
| മാഗ്നാകാർട്ട | – | 1939 |
| ഫ്രഞ്ചുവിപ്ലവം | – | 1757 |
| ശ്രീരംഗപട്ടണം സന്ധി | – | 1789 |
| രണ്ടാംലോകമഹായുദ്ധം ആരംഭിച്ചു | – | 1215 |
| പ്ലാസിയുദ്ധം | – | 1792 |

5x1=5

7. എ കോളത്തിലുള്ളവയുമായി ഏറ്റവുമധികം ബന്ധമുള്ള വ്യക്തികളുടെ പേരുകളാണ് ബി കോള ത്തിലുള്ളത്. അനുയോജ്യമായ വിധത്തിൽ യോജിപ്പിച്ച് എഴുതുക.

| എ | ബി |
|---|---|
| ഗുരുവായൂർ സത്യാഗ്രഹം | പോറ്റി ശ്രീരാമലു |
| തൃപ്പടിദാനം | ഗമാൽ അബ്ദുൾനാസർ |
| ആന്ധ്രസംസ്ഥാനം | കെ. കേളപ്പൻ |
| സൂയസ്കനാൽ | ഗാന്ധിജി |
| ചമ്പാരൻസമരം | മാർത്താണ്ഡവർമ്മ |

5x1=5

8 മുതൽ 12 വരെ ചോദ്യങ്ങൾക്ക് ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക.

8. ജനാധിപത്യം ഒരു ഭരണക്രമം മാത്രമാണോ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.
9. ഫ്യൂഡലിസം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
10. ഇന്ത്യാചരിത്രത്തിൽ പ്ലാസിയുദ്ധത്തിനുള്ള പ്രാധാന്യമെന്ത്?
11. സാമൂഹീകരണ പ്രക്രിയയിൽ കുടുംബങ്ങൾക്കുള്ള പങ്കിനെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
12. ലീഗ് ഓഫ് നേഷൻസ് (സർവ്വരാജസഖ്യം) രൂപം കൊള്ളാനിടയായ സാഹചര്യം വിവരിക്കുക.

5x3=15

13 മുതൽ 14 വരെ ചോദ്യങ്ങൾക്ക് ഒന്നരപേജിൽ കവിയാതെ ഉത്തരമെഴുതുക 2x5=10

13. പ്രാചീന ശിലായുഗവും നവീനശിലായുഗവും തമ്മിലുള്ള വ്യത്യാസങ്ങൾ പട്ടികപ്പെടുത്തുക.
14. ഇന്ത്യൻ ഫ്യൂഡലിസം എങ്ങനെയാണ് യൂറോപ്യൻ ഫ്യൂഡലിസത്തിൽനിന്നും വ്യത്യസ്തമാകുന്നത്?

15-ാം ചോദ്യം ഒരെണ്ണത്തിനുമാത്രം രണ്ടുപേജിൽ കവിയാതെ ഉത്തരമെഴുതുക.

15. 1215 മുതലുള്ള മനുഷ്യാവകാശ ചരിത്രത്തെ വിലയിരുത്തുക. ഇന്ത്യൻ ഭരണഘടനയിൽ മനുഷ്യാവകാശ സംരക്ഷണത്തിനുള്ള പ്രാധാന്യം വിവരിക്കുക.

അല്ലെങ്കിൽ

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി വഹിച്ച പങ്കിനെ അടിസ്ഥാനമാക്കി ഒരു ലേഖനം തയ്യാറാക്കുക. 1x10=10

## സാമൂഹ്യശാസ്ത്രം
## SET - IV

### Part I
Social Science I

ഒന്നുമുതൽ അഞ്ചുവരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഉത്തരം ബ്രാക്കറ്റിൽനിന്നും തെരഞ്ഞെടുത്തെഴുതുക. ശരിയുത്തരത്തിന് ഒരു മാർക്ക് വീതം.

1. മഹാസ്നാനഘട്ടം (Great Bath) ഏത് നദീതട സംസ്കാരത്തിന്റെ ഭാഗമാണ്
(ചൈന, ഹാരപ്പ, മെസോപ്പൊട്ടേമിയ, ഈജിപ്ത്)
2. വിശ്വവിഖ്യാതമായ ബൈബിൾ ജർമ്മൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തത്
(ഡാന്റെ, എറാസ്മസ്, ചോസർ, മാർട്ടിൻ ലൂഥർ)
3. ഏതു രാജ്യത്തെ വിമോചന പോരാട്ടത്തിനാണ് ‘ഹോ അമ്മാമൻ’ ധീരമായി നേതൃത്വം നൽകിയത്?
(കൊറിയ, ഈജിപ്ത്, വിയറ്റ്നാം, പലസ്തീൻ)
4. വാഗൺ ട്രാജഡി ഏതു സംഭവവുമായി ബന്ധപ്പെട്ടതാണ്?
(ജാലിയൻവാലാബാഗ്, ചൗരിചൗര, മലബാർ കലാപം, ചമ്പാരൻസമരം)
5. ബ്രിട്ടീഷുകാർക്കെതിരായി കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപമാണ്
(മലബാർ കലാപം, കുണ്ടറവിളംബരം, ആറ്റിങ്ങൽ കലാപം, ഉപ്പു സത്യാഗ്രഹം) 5x1=5
6. താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങളും വർഷങ്ങളും ശരിയായി ക്രമപ്പെടുത്തി ഒരു ടൈംലൈൻ നിർമ്മിക്കുക.

| | | |
|---|---|---|
| ദേശീയ സാക്ഷരതാമിഷൻ രൂപീകരിച്ചു | – | 1688 |
| കേരള സംസ്ഥാനം രൂപംകൊണ്ടു | – | 1921 |
| രക്തരഹിതവിപ്ലവം | – | 1765 |
| മലബാർ കലാപം | – | 1988 |
| മുദ്രാനിയമം | – | 1956 |

5x1=5

7. എ കോളത്തിലുള്ളവയുമായി ഏറ്റവുമനുയോജ്യമായവ ബി കോളത്തിൽ നിന്നും എടുത്തെഴുതുക.

| എ | ബി |
|---|---|
| ഖിലാഫത്ത് പ്രസ്ഥാനം | ഇന്ദിരാഗാന്ധി |
| സിംലാ കരാർ | മുസ്സോളിനി |
| താഷ്കെന്റ് കരാർ | അലി സഹോദരന്മാർ |
| കറുത്തകുപ്പായക്കാർ | അമേരിക്കൻ സ്വാതന്ത്ര്യസമരം |
| സാമുവൽ ആഡംസ് | ലാൽബഹദൂർ ശാസ്ത്രി |

5x1=5

8 മുതൽ 12 വരെ ചോദ്യങ്ങൾക്ക് ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക.

8. നവോത്ഥാനകാലഘട്ടത്തിൽ കലയിലും സാഹിത്യത്തിലും യൂറോപ്പിലുണ്ടായ വളർച്ചയെ സംബന്ധിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
9. 1990 നു ശേഷം ശീതയുദ്ധത്തിന് അയവുണ്ടാകാനുള്ള കാരണങ്ങളേവ?
10. കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
11. 1922 ൽ ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനം നിർത്തിവെക്കാനിടയായ സാഹചര്യം എന്ത്?
12. മലബാറിൽ ടിപ്പുസുൽത്താൻ നടപ്പിലാക്കിയ കാർഷിക ഭരണ പരിഷ്ക്കാരങ്ങൾ ഏവ?

5x3=15

13 മുതൽ 14 വരെ ചോദ്യങ്ങൾക്ക് ഒന്നരപേജിൽ കവിയാതെ ഉത്തരമെഴുതുക 2x5=10

13. ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല. ഒരു ജീവിതരീതി കൂടിയാണ് - സമർത്ഥിക്കുക.
14. സ്വാതന്ത്ര്യാനന്തരം ഇന്ത്യ ശാസ്ത്രരംഗത്ത് ഒരു കുതിച്ചുചാട്ടം നടത്തിയിരിക്കുന്നു. ഈ പ്രസ്താവനയുടെ ഔചിത്യം പരിശോധിക്കുക.

15-ാം ചോദ്യം ഒരെണ്ണത്തിനുമാത്രം രണ്ടുപേജിൽ കവിയാതെ ഉത്തരമെഴുതുക.

15. രണ്ടാംലോകമഹായുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിവരിക്കുക.

അല്ലെങ്കിൽ

മറ്റു വിപ്ലവങ്ങളിൽനിന്ന് റഷ്യൻ വിപ്ലവം എങ്ങിനെ വേറിട്ടു നിൽക്കുന്നു? 1x10=10

## സാമൂഹ്യശാസ്ത്രം
## SET V

### Part I
Social Science I

ഒന്നുമുതൽ അഞ്ചുവരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം ബ്രാക്കറ്റിൽനിന്നും തിരഞ്ഞെടുത്തെഴുതുക.

1. ഈജിപ്ഷ്യൻ സംസ്കാരവുമായി ബന്ധപ്പെട്ട പദം
   എ) ക്യൂണിഫോം ലിപി ബി) ഹൈറോഗ്ലിഫിക്സ്
   സി) ചിത്രലിപി ഡി) വിശുദ്ധ എഴുത്ത്
2. വിശ്വപ്രസിദ്ധമായ അന്ത്യഅത്താഴത്തിന്റെ സൃഷ്ടാവ്
   എ) കോപ്പർനിക്കസ് ബി) ലിയനാർഡോ ഡാവിഞ്ചി
   സി) റാഫേൽ ഡി) വിശുദ്ധ എഴുത്ത്
3. മാഗ്നാകാർട്ട എന്ന മഹത്തായ രേഖ ഉണ്ടായ വർഷം
   എ) 1315 ബ) 1789
   സി) 1688 ഡി) 1215
4. ഇപ്പോഴത്തെ യു.എൻ. സെക്രട്ടറി ജനറൽ ആരാണ്?
   എ) ട്രിഗ്വേലി ബി) ശശി തരൂർ
   സി) ബാൻക്കിമൂൺ ഡി) കോഫി അന്നൻ
5. സുഭാഷ്ചന്ദ്രബോസ് രൂപീകരിച്ച രാഷ്ട്രീയ പാർട്ടി
   എ) ഫോർവേർഡ് ബ്ലോക്ക് ബി) ഇന്ത്യൻ നാഷണൽ ആർമി
   സി) അനുശീലൻ സമിതി ഡി) അകാലിദൾ 5x1=5
6. ചുവടെ നൽകിയിട്ടുള്ള വിവരങ്ങൾ ഉൾപ്പെടുത്തി സമയരേഖ തയ്യാറാക്കുക.
   എ) ഇന്ത്യൻനാഷണൽ കോൺഗ്രസ്സ് – 1930
   ബി) മൊണ്ടേഗുചെംസ്ഫോർഡ് – 1931
   സി) ഉപ്പുസത്യാഗ്രഹം – 1942
   ഡി) രണ്ടാംവട്ടമേശ സമ്മേളനം – 1885
   ഇ) ക്വിറ്റ് ഇന്ത്യ – 1919 5x1=5
7. എ കോളത്തിലെ വിവരങ്ങൾക്കനുസരിച്ച് ബി സി കോളങ്ങളിലെ വിവരങ്ങളെ ക്രമപ്പെടുത്തി എഴുതുക.

| എ | ബി | സി |
|---|---|---|
| രാജാറാം മോഹൻറോയി | 1905 | മതം |
| ബംഗാൾ വിഭജനം | നാസിസം | ജർമ്മനി |
| മാർട്ടിൻലൂഥർ | 1945 | ബ്രഹ്മസമാജം |
| ഹിറ്റ്ലർ | ബൈബിൾ വിവർത്തനം | ന്യൂയോർക്ക് |
| യു.എൻ.ഒ. | ഇന്ത്യ | കഴ്സൺപ്രഭു |

5x1=5

8 മുതൽ 12 വരെ ചോദ്യങ്ങൾക്ക് ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക.

8. ഫ്യൂഡലിസം എന്നാൽ എന്ത്? എന്തുകൊണ്ടാണ് അത് ഒരു ചൂഷണവ്യവസ്ഥയായി പരിഗണിക്കപ്പെടുന്നത്?
9. ചേരിചേരാ പ്രസ്ഥനത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?
10. ആഗോളവത്ക്കരണം നമ്മുടെ ദൈനംദിന ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുക?
11. മാനവികതാവാദം എന്നാൽ എന്ത്?
12. ഇരുമ്പ് കണ്ടുപിടിച്ചില്ലായിരുന്നെങ്കിൽ നാഗരികതയുടെ ഗതി എന്താകുമായിരുന്നു? 5x3=15

13 മുതൽ 14 വരെ ചോദ്യങ്ങൾക്ക് ഒന്നരപേജിൽ കവിയാതെ ഉത്തരമെഴുതുക 2x5=10

13. പ്രാചീനശിലായുഗവും നവീനശിലായുഗവും തമ്മിലുള്ള വ്യത്യാസങ്ങൾ വിശദമാക്കുക.
14. ഇന്ത്യൻ പൗരന് മൗലികാവകാശങ്ങൾ എത്രത്തോളം അനുഭവിക്കാൻ കഴിയുന്നുണ്ടെന്ന് വിലയിരുത്തുക.

15-ാം ചോദ്യം ഒരെണ്ണത്തിനുമാത്രം രണ്ടുപേജിൽ കവിയാതെ ഉത്തരമെഴുതുക.

15. രണ്ടാംലോകമഹായുദ്ധം എങ്ങനെ ലോകചരിത്രത്തെ സ്വാധീനിച്ചുവെന്ന് വിലയിരുത്തുക?

അല്ലെങ്കിൽ

ആണവകരാർ നിങ്ങളുടെ കാഴ്ചപ്പാടിൽ വിലയിരുത്തുക? 1x10=10

## പാർട്ട് - 2

16 മുതൽ 20 വരെ ചോദ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഉത്തരം ബ്രാക്കറ്റിൽനിന്നും തിരഞ്ഞെടുത്തെഴുതുക. 5x1=5

16. ഏറ്റവും വലിപ്പമേറിയ ഗ്രഹം ഏതാണ്?
എ) ബുധൻ ബി) ഭൂമി സി) വ്യാഴം ഡി) നെപ്റ്റ്യൂൺ

17. അന്തരീക്ഷത്തിൽ ഏറ്റവും കൂടുതൽ അളവിൽ അടങ്ങിയിരിക്കുന്ന വാതകം
എ) നിയോൺ ബി) നൈട്രജൻ സി) ഓക്സിജൻ ഡി) ഹൈഡ്രജൻ

18. അന്തരീക്ഷമർദ്ദം അളക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണം
എ) ബാരോമീറ്റർ ബി) ഹൈഗ്രോമീറ്റർ
സി) അനിമോമീറ്റർ ഡി) റഡാർ

19. ഖരീഫ് വിളക്കൊരുദാഹരണം?
എ) പഴവർഗ്ഗങ്ങൾ ബി) ഗോതമ്പ്
സി) പുകയില ഡി) നെല്ല്

20. ഏത് മേഖലയിലാണ് ഒന്നാം പഞ്ചവൽസരപദ്ധതി ഊന്നൽ നൽകിയത്
എ) വ്യവസായം ബി) കൃഷി
സി) വിദ്യാഭ്യാസം ഡി) ദാരിദ്രനിർമ്മാർജ്ജനം

21 മുതൽ 25 വരെ ചോദ്യങ്ങൾക്ക് മൂന്ന് പോയിന്റുകൾ വീതം എഴുതുക. 5x3=15

21. ഗ്ലോബും ഭൂപടവും തമ്മിലുള്ള വ്യത്യാസം എഴുതുക?

22. എന്താണ് ഭൂവിവരവ്യവസ്ഥ?

23. ദേശീയവരുമാനം കണക്കാക്കുന്നത് പ്രയാസമേറിയ ഒരു പ്രക്രിയയാണ്. സമർഥിക്കുക?

24. പൊതുചിലവ് വർദ്ധിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം?

25. ട്രോപ്പോസ്ഫിയർ, സ്ട്രാറ്റോസ്ഫിയർ ഇവ താരതമ്യം ചെയ്യുക.

26 മുതൽ 29 വരെ ചോദ്യങ്ങൾക്ക് അരപേജിൽ കവിയാതെ ഉത്തരമെഴുതുക. 5x4=20

26. അടിസ്ഥാനസാമ്പത്തിക പ്രശ്നങ്ങൾ എന്തെല്ലാം?

27. ഭൗമാന്തരീക്ഷം മനുഷ്യന് എന്തെല്ലാം തരത്തിലാണ് പ്രയോജനപ്പെടുന്നത്?

28. ഭ്രമണം, പരിക്രമണം ഇവ എന്താലെന്ത്? ഇവയുടെ ഫലങ്ങൾ വിശദമാക്കുക?

29. വിദൂരസംവേദനത്തിന്റെ സവിശേഷതകൾ വിലയിരുത്തി പ്രായോഗികതലത്തിൽ അവയുടെ പ്രസക്തി വിശകലനം ചെയ്യുക.

30, 31 എന്നീ ചോദ്യങ്ങളിൽ ഏതെങ്കിലുമൊരെണ്ണത്തിന് മാത്രം ഉത്തരമെഴുതുക. 1x10=10

30. ജനസംഖ്യാവളർച്ച ഇന്ത്യയെപ്പോലുള്ള വികസ്വരരാജ്യത്തിന്റെ പുരോഗതിക്ക് എന്തെല്ലാം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

31. കേരളത്തിലെ പ്രധാന മണ്ണിനങ്ങൾ എവ? വിശദമാക്കുക?

# സാമൂഹ്യശാസ്ത്രം
# SET VI

## Part I
### Social Science I

ഒന്നുമുതൽ അഞ്ചുവരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഉത്തരം ബ്രാക്കറ്റിൽനിന്നും തിരഞ്ഞെടുത്തെഴുതുക. ശരിയുത്തരത്തിന് 1 മാർക്ക് വീതം.

1. ആദ്യകാല യന്ത്രവൽക്കൃത വ്യവസായം ഏത്?
(മൺപാത്രനിർമ്മാണം, വസ്ത്രനിർമ്മാണം, ആയുധനിർമ്മാണം, പുസ്തകനിർമ്മാണം)
2. ഡാവിഞ്ചിയുടെ പ്രശസ്തമായ സൃഷ്ടി ഏത്?
(അന്ത്യവിധി, മോണോലിസ, സിസ്റ്റയിൻ മഡോണ, സെന്റ് ജോർജ്ജിന്റെ ശില്പം)
3. ദേശീയസാക്ഷരതാമിഷൻ രൂപീകരിക്കപ്പെട്ട വർഷം?
(1987, 1986, 1988, 1978)
4. സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ താഴെ പറയുന്നവയിൽ ഏതിന്റെ പ്രസക്തിയാണ് നഷ്ട പ്പെട്ടത്?
(ഉത്തര അറ്റ്ലാന്റിക് ഉടമ്പടി സംഘടന, മദ്ധ്യ ഉടമ്പടി സംഘടന, വാഴ്സായി ഉടമ്പടി, ഗാട്ട്കരാർ)
5. ഒരു വ്യക്തിയെ സമൂഹത്തിൽ ജീവിക്കുന്നതിന് പ്രാപ്തനാക്കുന്ന പ്രക്രിയയ്ക്ക് പറയുന്ന പേരെന്ത്?
(വസ്ത്രധാരണം, സാമൂഹീകരണം, വ്യക്തിത്വവികസനം, സാമൂഹികനിയന്ത്രണം) 5x1=5
6. താഴെ കൊടുത്തിരിക്കുന്ന സംഭവങ്ങളും അവയ്ക്ക് നേതൃത്വം നൽകിയ വ്യക്തികളെയും ശരിയായി ക്രമപ്പെടുത്തുക.

| | | |
|---|---|---|
| ആറ്റിങ്ങൽ കലാപം | – | പഴശ്ശിരാജാവ് |
| പഴശ്ശികലാപം | – | കുറിച്യർ |
| ഉപ്പുസത്യാഗ്രഹം | – | എട്ടുവീട്ടിൽപിള്ളമാർ |
| മലബാർകലാപം | – | കെ.കേളപ്പൻ |
| കുറിച്യർ കലാപം | – | ആലിമുസ്ല്യാർ |

5x1=5

7. എ കോളത്തിനോട് യോജിച്ചവ ബി കോളത്തിൽനിന്നും എടുത്തെഴുതുക.

| എ | ബി |
|---|---|
| എ) ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ | 1942 ൽ ആരംഭിച്ചു |
| ബി) ഖിലാഫത്ത് പ്രസ്ഥാനം | സുഭാഷ്ചന്ദ്രബോസ് |
| സി) ചൗരിചൗരാ സംഭവം | വിപ്ലവപ്രസ്ഥാനം |
| ഡി) ഇന്ത്യൻനാഷണൽ ആർമി | 1919 ൽ ആരംഭിച്ചു. |
| ഇ) ക്വിറ്റിന്ത്യാസമരം | നിസ്സഹകരണ പ്രസ്ഥാനം |

5x1=5

8 മുതൽ 12 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാചകത്തിൽ ഉത്തരമെഴുതുക.

8. ചേരിചേരാ പ്രസ്ഥാനം എന്നാലെന്ത്? ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളേവ?
9. ഒരാളെ അറസ്റ്റ് ചെയ്യുന്നതിനും തടങ്കലിൽ പാർപ്പിക്കുന്നതിനും മുമ്പ് പോലീസ് പാലിച്ചിരിക്കേണ്ട നടപടികൾ എന്തെല്ലാമാണ്?
10. രണ്ടാംലോകമഹായുദ്ധം പൊതുവേ വിനാശമാണ് വിതച്ചതെങ്കിലും അമേരിക്കയ്ക്ക് യുദ്ധം നേട്ടങ്ങളാണ് നൽകിയത്. എന്തുകൊണ്ട്?
11. രക്തരഹിതവിപ്ലവം എന്നാലെന്ത്?
12. മലബാറിൽ ടിപ്പുസുൽത്താൻ നടപ്പിലാക്കിയ ഭരണപരിഷ്ക്കാരങ്ങൾ എന്തെല്ലാം? 5x3=15

13 മുതൽ 14 വരെ ചോദ്യങ്ങൾക്ക് ഒന്നരപേജിൽ കവിയാതെ ഉത്തരമെഴുതുക 2x5=10

13. ജനാധിപത്യ വ്യവസ്ഥയുടെ മേന്മകളും പോരായ്മകളും വിവരിക്കുക.
14. പ്ലാസിയുദ്ധം ഇന്ത്യയുടെ ചരിത്രത്തിലെ നാഴികക്കല്ലാണ്. വിവരിക്കുക.

15-ാമത്തെ ചോദ്യത്തിൽ ഒരെണ്ണത്തിനുമാത്രം രണ്ടുപേജിൽ കവിയാതെ ഉത്തരമെഴുതുക.

15. ആഗോളവൽക്കരണം നമ്മുടെ ജീവിതത്തിൽ വരുത്തുന്ന സ്വാധീനവും അതിന്റെ ദോഷങ്ങളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുക.

അല്ലെങ്കിൽ

മനുഷ്യാവകാശങ്ങൾ എന്നാലെന്ത്? മനുഷ്യാവകാശ സംരക്ഷണവും സന്നദ്ധസംഘടനകളെക്കുറിച്ചും വിശദീകരിക്കുക. 1x10=10

പാർട്ട് - 2

16 മുതൽ 20 വരെ ചോദ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഉത്തരം ബ്രാക്കറ്റിൽനിന്നും തിരഞ്ഞെടുത്തെഴുതുക. 5x1=5

16. ലോകത്തിലെ ഏറ്റവും വലിയ സമുദ്രമാണ്
(പസഫിക് സമുദ്രം, അറ്റ്ലാന്റിക് സമുദ്രം, ഇന്ത്യൻസമുദ്രം, ആർട്ടിക് സമുദ്രം)

17. താഴെ കൊടുത്തിരിക്കുന്നവയിൽ വലിയ തോത് ഭൂപടമേത്?
(പീഠഭൂമി, സമതലങ്ങൾ, പർവ്വത നിരകൾ, കൃഷിയിടങ്ങൾ)

18. അക്കൗണ്ടിംഗ് സമവാക്യം ഏത്?
എ) ബാദ്ധ്യത = മൂലധനം + ആസ്തി
ബി) ആസ്തി = മൂലധനം + ബാദ്ധ്യത
സി) മൂലധനം = ആസ്തി + ബാദ്ധ്യത

19. ഒരു കൃഷിയധിഷ്ഠിത വ്യവസായമാണ്
(പരുത്തി, കരിമ്പ്, ചണവ്യവസായം, പട്ടുനൂൽപ്പുഴുക്കളുടെ കൊക്കൂൺ)

20. കേരളത്തിൽ ഏത് പ്രദേശങ്ങളിലാണ് സ്വർണം കാണപ്പെടുന്നത്?
എ) കുമ്പള, നീലേശ്വരം ബി) തിരുവനന്തപുരം, കൊല്ലം
സി) നിലമ്പൂർ, വൈത്തിരി ഡി) ചവറ, നീണ്ടകര

21. ഭൂവിവരവ്യവസ്ഥ എന്നാലെന്ത്? അതിന്റെ സവിശേഷതകൾ ഏവ? 3

22. ഉത്തരപർവ്വതമേഖലയുടേയും ഉത്തരസമതലത്തിന്റെയും പ്രാധാന്യം വിശദമാക്കുക? 3

23. ഭൂമിയുടെ ചലനങ്ങളായ ഭ്രമണം, പരിക്രമണം എന്നിവയുടെ ഫലങ്ങൾ ഏവ? 3

24. ധനനയം, നാണ്യനയം എന്നിവയെക്കുറിച്ച് കുറിപ്പ് എഴുതുക. 3

25. സർക്കാരിന്റെ വരുമാനം കാണിക്കുന്ന ഫ്ളോചാർട്ട് പൂർത്തീകരിക്കുക 3




26. ജനസംഖ്യ വളർച്ച ഇന്ത്യയെപ്പോലുള്ള വികസിതരാജ്യത്തിന്റെ പുരോഗതിക്ക് എന്തെല്ലാം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. 5

27. കേരളത്തിന്റെ ഭൂപരേഖയിൽ ചുവടെചേർത്തിരിക്കുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക. 5
1) കൊല്ലം 2) കണ്ണൂർ 3) പാലക്കാട്
4) തിരുവനന്തപുരം 5) ഇടുക്കി

28. ദേശീയവരുമാനം കണക്കാക്കുന്നത് പ്രയാസമേറിയ ഒരു പ്രക്രിയയാണ്. സമർത്ഥിക്കുക. 5

29. സമുദ്രജലപ്രവാഹങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ ഏവ? 5

30. വിദൂരസംവേദനത്തിന്റെ സവിശേഷതകൾ വിലയിരുത്തി പ്രായോഗികതലത്തിൽ അവയുടെ പ്രസക്തി വിശകലനം ചെയ്യുക. 10

അല്ലെങ്കിൽ

അന്താരാഷ്ട്ര നാണയനിധിയുടേയും ലോകബാങ്കിന്റെയും സംഘാടനവും നിയന്ത്രണവും വ്യത്യസ്തമാണ്. സമർത്ഥിക്കുക.

**സാമൂഹ്യശാസ്ത്രം**

# SET VII

## Part I

Social Science I

1. ശിലായുഗത്തിന്റെയും ലോഹയുഗത്തിന്റെയും സവിശേഷതകൾ കണ്ടെത്തി എഴുതുക?
2. മലബാർ കലാപത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.
3. അമേരിക്കൻമനുഷ്യാവകാശ പ്രഖ്യാപനത്തിലെയും ഫ്രഞ്ച്മനുഷ്യാവകാശ പ്രഖ്യാപനത്തിലെയും ആശയങ്ങൾ താരതമ്യം ചെയ്യുക.
4. 1859 ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ കാരണങ്ങളും അവയുടെ ഫലങ്ങളും വിവരിക്കുക?

3x5=15

II.

5x2=10

1. ആറ്റിങ്ങൽ കലാപം എന്നാലെന്ത്?
2. തെരഞ്ഞെടുപ്പുകമ്മീഷന്റെ ചുമതലകൾ എന്തൊക്കെയാണ്?
3. ഫ്യൂഡലിസത്തിന്റെ പ്രധാനസവിശേഷതകൾ എന്തൊക്കെയായിരുന്നു?
4. മഹാശിലയുഗസംസ്ക്കാരത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണ്?
5. സാമൂഹിക നിയന്ത്രണ ഏജൻസികൾ ഏതെല്ലാമാണെന്ന് എഴുതുക.

III.

5x1=5

താഴെപ്പറയുന്ന വർഷവും സംഭവവും ക്രമപ്പെടുത്തി ഒരു ടൈംലൈൻ നിർമ്മിക്കുക.

1. ഖിലാഫത്ത് പ്രസ്ഥാനം
2. ഇന്ത്യൻനാഷണൽ കോൺഗ്രസ്സ്
3. ചൗരിചൗരാ 1919
4. ക്വിറ്റിന്ത്യാസമരം 1885
5. ഉപ്പുസത്യാഗ്രഹം 1922

1. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനായി ബ്രിട്ടീഷ് വിരുദ്ധപോരാട്ടം ഏതെല്ലാം രീതിയിൽ നടന്നിരുന്നു എന്ന് വിശദമാക്കുക?
2. ഇന്ത്യൻ പൗരന്റെ മൗലികാവകാശങ്ങൾ എന്തൊക്കെയാണ്? ഒരു ഇന്ത്യൻ പൗരൻ എന്ന നിലയ്ക്ക് മൗലികാവകാശങ്ങൾ എത്രത്തോളം അനുഭവിക്കാൻ കഴിയുന്നുവെന്ന് വിലയിരുത്തുക.

1. ഐക്യരാഷ്ട്രസഭ നിലവിൽവന്ന വർഷം
   (1945, 1954, 1753, 1762)
2. അന്ത്യഅത്താഴം ആരുടെ സൃഷ്ടിയാണ്
   (മൈക്കൽ ഏയ്ഞ്ചലോ, റാഫേൽ, ലിയനാർഡോ ഡാവിഞ്ചി, തോമസ്മൂർ)
3. മനുഷ്യാവകാശ സംരക്ഷണത്തിനായി ദേശീയതലത്തിൽ പ്രവർത്തിക്കുന്ന ഒരു സന്നദ്ധസംഘടനയാണ്
   ആംനസ്റ്റി ഇന്റർനാഷണൽ, ഏഷ്യാവാച്ച്, പീപ്പിൾസ് യൂണിയൻ ഫോർ സിവിൽ ലിബർട്ടീസ്
4. ഖിലാഫത്ത് നിസ്സഹകരണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് കേരളത്തിൽ ബ്രിട്ടീഷുകാർ നടത്തിയ അടിച്ചമർത്തലിന്റെ ഭാഗമായി നടന്ന സംഭവമാണ്
   (ചൗരിചൗരാ, വാഗൺ ട്രാജഡി, ജാലിയൻവാലാബാഗ്)

# സാമൂഹ്യശാസ്ത്രം
# SET VIII

## Part II
Social Science II

1. ആകാശീയ ചിത്രങ്ങളെ ത്രിമാനരൂപത്തിൽ കാണുവാൻ ഉപയോഗിക്കുന്ന ഉപകരണമാണ്
   എ) സ്റ്റീരിയോസ്കോപ്പ് ബി) അനിമോമീറ്റർ
   സി) ഹൈഗ്രോമീറ്റർ ഡി) ബാരോമീറ്റർ
2. ഇന്ത്യയുടെ സാമ്പത്തിക വർഷം എന്നുപറയുന്നത്
   എ) ഏപ്രിൽ 31 മുതൽ മാർച്ച് 1 വരെ ബി) ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ
   സി) മാർച്ച് 31 മുതൽ മാർച്ച് 1 വരെ ഡി) മാർച്ച് 31 മുതൽ
3. പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ മാത്രം കാണപ്പെടുന്ന മണ്ണിനം
   എ) ചെമ്മണ്ണ് ബി) വനമണ്ണ്
   സി) ലാറ്ററൈറ്റ് ഡി) കറുത്തമണ്ണ്
4. പൊതുമേഖലാസ്ഥാപനത്തിലെ ഡിപ്പാർട്ടുമെന്റൽസ്ഥാപനത്തിനുദാഹരണമാണ്
   എ) കെ.എസ്.ആർ.റ്റി.സി. ബി) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ
   സി) കേരള ആട്ടോമൊബൈൽസ് ക്ലിപ്തം
   ഡി) തപാൽവകുപ്പ്
5. ഏറ്റവും കൂടുതൽ വിസ്തൃതിയുള്ള സമുദ്രം
   എ) പസഫിക് ബി) അറ്റ്ലാന്റിക്
   സി) ഇന്ത്യൻസമുദ്രം ഡി) ആർട്ടിക് 5x1=5
6. ചുവടെ കൊടുത്തിരിക്കുന്ന ഫ്ളോചാർട്ട് തയാറാക്കുക.

ഉത്തരപർവ്വതമേഖല

| | | |
|---|---|---|
| | ട്രാൻസ്ഹിമാലയം | |
| —— | —— | —— |
| —— | —— | ഖാരോ |
| സിവാലിക്ക് | —— | —— |

7. ധനനയം എന്നാൽ എന്ത്? ധനനയത്തിന്റെ ആവശ്യകത എന്തൊക്കെയാണ്?
8. ദേശീയവരുമാനം ചിട്ടപ്പെടുത്തുന്നതിന്റെ പ്രയാസങ്ങൾ എന്തൊക്കെയാണ്?
9. അന്തരീക്ഷം കൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണ്?
10. പ്രത്യക്ഷനികുതി, പരോക്ഷനികുതി ഇവയുടെ സവിശേഷതകൾ താരതമ്യം ചെയ്ത് എഴുതുക.

1. ഏഷ്യൻ വികസനബാങ്കിന്റെ പ്രവർത്തനലക്ഷ്യം എന്തെന്ന് കണ്ടെത്തി വിശദമാക്കുക.
2. വിദൂരസംവേദനവും ഭൂവിവരവ്യവസ്ഥയും ഭൂമിശാസ്ത്രപഠനത്തെ ഏതെല്ലാംവിധത്തിൽ സഹായിക്കുന്നു എന്ന് കണ്ടെത്തി കുറിപ്പ് എഴുതുക?
3. ഭൂമിയുടെ പ്രധാനചലനങ്ങളും അവയുടെ ഫലങ്ങളും എന്തൊക്കെയാണെന്ന് വിശദീകരിക്കുക?
4. ഊഷ്മാവിന്റെയും മഴയുടെയും അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഋതുക്കളെ എത്രയായി തരംതിരിച്ചിരിക്കുന്നുവെന്ന് കണ്ടെത്തി കുറിപ്പെഴുതുക. 4ഃ5=20

1. ഒരു ബിസിനസ്സ് സ്ഥാപനത്തിലെ പ്രധാനവകുപ്പുകൾ എന്തൊക്കെയാണെന്നും അവയുടെ ധർമ്മങ്ങളും വിവരിക്കുക.

അല്ലെങ്കിൽ

2. ഇന്ത്യയിലെ ഭൂപ്രകൃതി വിഭാഗങ്ങളാണ് ഉത്തരപർവ്വതമേഖല, ഉത്തരമഹാസമതലങ്ങൾ, ഉപദ്വീപീയ പീഠഭൂമി. ഈ ഭൂവിഭാഗങ്ങളെക്കുറിച്ച് വിശദമാക്കുക?